**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4964** 22/05/2017 -ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ മാലോത്ത് കർത്ത ഹയർ സെക്കന്ററി സ്കൂളിൽ എസ്.എസ്. എൽ.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുകളെ ക്കുറിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; തൽസ്ഥിതി വ്യക്തമാക്കാമോ? | ഉണ്ട്. പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണർ കാസർഗോഡ് ജില്ലയിലെ മാലോത്ത് കസ്ബ ഗവ: ഹൈസ്കൂളിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി, ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, ഹെഡ്മാസ്റ്റർ, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർമാർ പരാതിക്കാരൻ എന്നി വരെ നേരിൽ കേട്ടതിനു ശേഷം അവരോരോരുത്തരുടെയും മൊഴികൾ രേഖ പ്പെടുത്തിയിട്ടുണ്ട്.<br>പ്രസ്തുത അന്വേഷണത്തിന്റെ വെളിച്ചത്തിൽ പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ചുമതലയുള്ള ചീഫ് സൂപ്രണ്ടിന് പരീക്ഷാ സമയത്ത് ഹാളിൽ കയറി മോണിറ്റർ ചെയ്യുന്നതിന് അപാകത യില്ലെങ്കിലും, കുട്ടികൾക്ക് ആത്മവിശ്വാസം പകരാനാണെന്ന് പറഞ്ഞ് പരീക്ഷാ സമയത്ത് ക്ലാസ്സിൽ കയറിയത് നീതീകരിക്കാനാകില്ലെന്നും mal practice നടത്തിയെന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊതു സമൂഹത്തിന് സംശയത്തിനിട നൽകുന്ന വിധത്തിലുള്ള ഇത്തരം ക്ലാസ്സ് സന്ദർശനങ്ങൾ മേലിൽ ഒഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതാണെന്ന് പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ